ഗതാഗതനിയമം ലംഘിക്കുന്നവരെ കണ്ടെത്താൻ പദ്ധതി

292 (2036) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗതനിയമം ലംഘിക്കുന്നവരെ കണ്ടെത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ & ബി) അമിതവേഗതയും, അശ്രദ്ധമായ ഡ്രൈവിംഗും റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കികൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാതലങ്ങളിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് മുതലായ മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിലെ ഇരുപതിനായിരത്തോളം വരുന്ന സ്റ്റേജ് കാര്യേജുകളിൽ GPS സംവിധാനം ഏർപ്പെടുത്തുന്ന നടപടി C-DAC-മായി ചേർന്ന് നടപ്പാക്കുന്ന കാര്യം പുരോഗമിച്ചു വരുന്നു. ഇതുവഴി സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന എല്ലാ യാത്രാ ബസ്സുകളുടെയും തൽസമയ നിരീക്ഷണവും നിയന്ത്രണവും നിലവിൽ വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേയ്ക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നുണ്ട്.

ഗതാഗത നിയമലംഘകരെ കണ്ടെത്തുകയും അമിത വേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുകയും അവർക്കെതിരെ പിഴ ചുമത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുകവഴി നിയമലംഘനങ്ങൾ തടയുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ദേശീയപാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയും, കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലായി വിവിധ സ്ഥലങ്ങളിൽ 201 ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു.

(സി) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ ഒരു എൻഫോഴ്സ്മെന്റ് വിഭാഗവും അതിന് കീഴിൽ 39 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. മേഖലാതലത്തിൽ നാല് ആർ.ടി.ഒ.-മാർക്കാണ് ഇതിന്റെ ചുമതല. സംസ്ഥാന തലത്തിൽ എൻഫോഴ്സ്മെന്റ് നടപടികൾ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആണ് ഏകോപിപ്പിക്കുന്നത്. ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡിലും 2 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവും ഓരോ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവും ആണുള്ളത്. ഗതാഗത കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1-ഉം 4- ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ 4-ഉം നാഷണലൈസ്ഡ് സെക്ടർ ആർ. ടി. ഒ. ഒഴികെയുള്ള 17 ആർ.ടി.ഒ.-മാരുടെ കീഴിൽ 34-ഉം സ്ക്വാഡുകൾ ആണ് പ്രവർത്തിക്കുന്നത്.

വാഹനങ്ങളുടെ അമിതവേഗത

293 (2037) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിൽക്കൂടി അമിത വേഗത്തിൽ വാഹനങ്ങൾ പ്രത്യേകിച്ചും സ്പോർട്സ് ബൈക്ക് ഓടിച്ചുപോകുന്നത് കാരണം കാൽനടക്കാരും മറ്റ് വാഹനങ്ങളിൽ പോകുന്നവരും അപകടത്തിൽപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അമിതവേഗത്തിൽ സ്പോർട്സ് ബൈക്കുകളും മറ്റ് വാഹനങ്ങളും ഓടിച്ചു പോകുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ;

(ബി) മറ്റ് ഹെവി വാഹനങ്ങളിൽ ഘടിപ്പിക്കുന്ന തരത്തിലുള്ള വേഗതാപ്പൂട്ട് സ്പോർട്സ് ബൈക്കുകളിൽ ഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) വേഗതാപ്പൂട്ട് ഘടിപ്പിക്കുന്നതിന് സാധ്യമാകുമെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly